**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4182** **03-03-2023 - ൽ മറുപടിയ്ക്ക്**

**മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വീടുകളിൽ നിന്നും ഹരിത കർമ്മ സേനാംഗങ്ങൾ മാലിന്യം ശേഖരിക്കുന്നതും ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായ അളവിൽ പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കുന്നതിനും കേരളം വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് കൂടുതൽ അവലംബിച്ച് വരുന്നത്. ക്ലീൻ കേരള കമ്പനി രൂപീകരിച്ച് മാലിന്യ സംസ്കരണ രംഗത്ത് കേരളം ഇതിനോടകം വലിയ ഇടപെടലുകൾ നടത്തി. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ആയത് MCF, RRF എന്നിവിടങ്ങളിൽ എത്തിച്ച് പുനഃചംക്രമണത്തിനുവേണ്ടി കൈമാറുന്ന പ്രവർത്തനങ്ങളും നടന്നു വരുന്നു. കോഴി വേസ്റ്റ് കൈകാര്യം ചെയ്യുന്നതിനായി ചിക്കൻ റെൻഡറിംഗ് പ്ലാന്റുകളും ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. ഗാർഹിക ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ ഭാഗമായി കേരളാ എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളാ ഡോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് വഴി ബയോ മൈനിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം വേസ്റ്റ് റ്റു എനർജി പ്ലാന്റ് പോലെ ആധുനിക |

സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കെൽട്രോണിന്റെ സഹായത്തോടെ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് സംസ്ഥാനത്തെ 62 നഗരസഭകളിൽ നടപ്പിലാക്കി വരുന്നുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് ശേഷം RRF യൂണിറ്റിലെത്തിച്ച് റീസൈക്കിൾ ചെയ്യാവുന്നവ റീസൈക്കിൾ ചെയ്യും റീസൈക്കിൾ ചെയ്യാൻ കഴിയാത്ത 50 മൈക്രോണിൽ താഴെയുള്ളവ shredd ചെയ്ത് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റോഡ് നിർമ്മാണത്തിനും, അല്ലാത്തവ സിമന്റ് പ്ലാന്റുകളിൽ എത്തിച്ച് ഫർണസുകളിലെ ഇന്ധനമായും ഉപയോഗിച്ച് വരുന്നു.

ശുചിമുറി മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് എസ്.റ്റി.പി. / എഫ്.എസ്.റ്റി.പി.കൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2, അമൃത് പദ്ധതികൾ ഉൾപ്പെടുത്തിയും എസ്.റ്റി.പി. / എഫ്.എസ്.റ്റി.പി.കൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വകേരളം (അർബൻ), ശുചിത്വകേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ / പരിപാലനത്തിന് സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ സംസ്ഥാനത്ത് ഉണ്ടാകുന്ന മലിനജലമെല്ലാം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കപ്പെടുന്നു / പരിപാലിക്കപ്പെടുന്നു എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കും. നമ്മുടെ ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ഇതിലൂടെ സാധിക്കും.

| | | | |
|---|---|---|---|
| | | | മാലിന്യ സംസ്കരണ രംഗത്തെ ആധുനിക സാങ്കേതിക വിദ്യയും നൂതന ആശയങ്ങളും പരിചയപ്പെടുത്തുന്നതിനും പഠിപ്പിക്കുന്നതിനുമായി ഗ്ലോബൽ എക്സ്പോ 2023 ഫെബ്രുവരി 4 മുതൽ 6 വരെ കൊച്ചിയിൽ നടത്തുകയുണ്ടായി. |
| (ബി) | ഫ്ലാറ്റുകളിലെയും ഹോട്ടലുകളിലെയും മാലിന്യങ്ങൾ അവരുടെ തന്നെ സ്ഥലത്ത് സ്വന്തം ചെലവിൽ സംസ്കരിക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം നൽകുമോ; | (ബി) | **ഖരമാലിന്യ സംസ്കരണം**<br><br>2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് പ്രകാരം ഫ്ളാറ്റുകൾ, ഹോട്ടലുകൾ, എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ തന്നെ ഉറവിടത്തിൽ മാലിന്യം തരം തിരിച്ച് സംസ്കരിക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.<br><br>കേന്ദ്ര പരിസ്ഥിതി, വനവും കാലാവസ്ഥാ വ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരം മാലിന്യമുല്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്തങ്ങളും അധികാരസ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.<br><br>ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-07-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>**ദ്രവമാലിന്യ സംസ്കരണം**<br><br>കേരള മുൻസിപ്പൽ/പഞ്ചായത്ത് ബിൽഡിങ് റൂൾ 2019 പ്രകാരം ദ്രവമാലിന്യം സ്വന്തം ചെലവിൽ സംസ്കരിക്കേണ്ടതാണ്. 2000 ച . മീ കൂടുതൽ തറ വിസ്തീർണം (Built Up area)ഉള്ള റസിഡൻഷ്യൽ അപ്പാർട്ടുമെന്റുകൾക്കും 5000 ച . മീ കൂടുതൽ തറ വിസ്തീർണം (Built Up area)ഉള്ള കല്യാണമണ്ഡപം ഉൾപ്പെടുന്ന അസംബ്ലി കെട്ടിടങ്ങൾക്കും ദ്രവ മാലിന്യ സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളും സംസ്കരിക്കപ്പെട്ട മലിന ജലം പുനരുപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. |
| (സി) | മാലിന്യ സംസ്കരണത്തിൽ പൊതുജനങ്ങളുടെ ശക്തമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി | (സി) | 2025-ഓടെ കേരളത്തെ സമ്പൂർണ്ണ മാലിന്യ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | | മുക്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വലിച്ചെറിയൽ മുക്ത കേരളം എന്ന ക്യാമ്പയിന് 2023 ജനുവരി 26-ന് തുടക്കം കുറിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ പൊതു ജനങ്ങളുടെ ശക്തമായ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനാണ് ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. കുട്ടികൾ, യുവജനങ്ങൾ, സ്ത്രീകൾ, മുതിർന്ന പൗരന്മാർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുന്ന ജനകീയ ക്യാമ്പയിനിനാണ് രൂപം നൽകിയിരിക്കുന്നത്.<br>ജലാശയങ്ങൾ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിനും മാലിന്യസംസ്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും പൊതുജന പങ്കാളിത്തത്തോടെ തെളിനീരൊഴുകും നവകേരളം എന്ന പേരിൽ ഒരു ക്യാമ്പയിൻ സംസ്ഥാനവ്യാപകമായി നടത്തുകയുണ്ടായി. കൂടാതെ കക്കൂസ് മലിന്യസംസ്കരണത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ മലഭ്രതം ക്യാമ്പയിൻ നടന്നുവരുന്നു. സംസ്ഥാനത്ത് പ്രചാരത്തിലുള്ള ഒറ്റക്കുഴി കക്കൂസുകൾ ജലഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഇരട്ടക്കുഴി കക്കൂസിന്റെ ആവശ്യകത സംബന്ധിച്ച് ബോധവത്കരണവുമായി ബന്ധപ്പെട്ട് Twin pit Abhiyan എന്ന ക്യാമ്പയിൻ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലെ അശാസ്ത്രീയ കക്കൂസ് നിർമ്മിതികളെ ശാസ്ത്രീയമാക്കുന്നതിന് ആവശ്യക്കാർക്ക് സർക്കാർ സബ്സിഡിയോടെ ഈ പ്രവർത്തി ചെയ്യുന്നതിന് സാധിക്കും. |
| (ഡി) | എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുമോ; സിറ്റികളിൽ ഡ്രെയിനേജ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | **ഖരമാലിന്യ സംസ്കരണം**<br>എല്ലാ വീടുകളിലും ഗാർഹികതല കമ്പോസ്റ്റിംഗ്/ ബയോമെതനേഷൻ ഉപാധികൾ സ്ഥാപിച്ച് ഉറവിട ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ ഹരിത കർമ്മ സേന പ്രവർത്തനം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | **ദ്രവമാലിന്യ സംസ്കരണം**<br>ഗ്രാമീണമേഖലയിൽ ഗാർഹിക തലത്തിൽ കക്കൂസ് മാലിന്യം സെപ്റ്റിക് ടാങ്ക് - സോക്ക് പിറ്റ് സംവിധാനം വഴിയും മനുഷ്യവിസർജ്യം കലരാത്ത ദ്രവ്യമാലിന്യം (ഗ്രേ വാട്ടർ ) ലീച്ച് പിറ്റ്, സോക്കറ്റ് പിറ്റ്, മാജിക്ക് പിറ്റ് തുടങ്ങി ഉറവിട തല ഗ്രേ വാട്ടർ പരിപാലന സംവിധാനങ്ങൾ ഉപയോഗിച്ചും സംസ്കരിച്ചു വരുന്നു. നഗരപ്രദേശങ്ങളിൽ ഉറവിട ദ്രവ മാലിന്യ സംസ്കരണത്തിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ള സ്ഥലങ്ങളിൽ സീവർ നെറ്റ്-വർക്ക് സംവിധാനം ബന്ധിപ്പിച്ച സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളാണ് ഉചിതം. അമൃത് ഒന്നാം ഘട്ടത്തിൽ അമൃത് നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് "സ്റ്റോം വാട്ടർ ഡ്രെയിനേജ്" മേഖലയിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. 9 അമൃത് നഗരങ്ങളിലായി 385.21 കോടി രൂപയുടെ 502 പദ്ധതികൾ വിഭാവനം ചെയ്തതിൽ 464 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ 259.04 കോടി രൂപ ചെലവഴിച്ചു.അമൃത് നഗരങ്ങൾ ഒഴിച്ചുള്ള urban local body കളിൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരവും ഇത്തരം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ